**മധുരമായ കുട്ടികളേ - അതിരാവിലെ എഴുന്നേറ്റ് ബാബയെ വളരെ പ്രേമത്തോടെ ഓർമ്മിക്കൂ, ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ബാബയും നിങ്ങളെ സ്നേഹിക്കുന്നു. ആകർഷണമുണ്ടാകുന്നു.**

***ഗീതം*** – അങ്ങയെ നേടിയ ഞങ്ങൾ ലോകം മുഴുവനും നേടിക്കഴിഞ്ഞു.....

**ഓം ശാന്തി**. മധുരമധുരമായ കുട്ടികൾക്ക് ബാബ ഇടയ്ക്കിടെ മനസ്സിലാക്കിത്തരുന്നു, കുട്ടികളേ സ്വയം ആത്മ സ്മൃതിയിൽ സ്ഥിതി ചെയ്യൂ... ഈ ശരീരം എന്റേതല്ല, ഇതും നശിക്കാനുള്ളതാണ്. നമുക്ക് ബാബയുടെ അടുത്തേക്ക് പോകണം. ഇങ്ങനെ ജ്ഞാനത്തിന്റെ ലഹരിയിലിരിക്കുന്നതിലൂടെ നിങ്ങളിൽ ആകർഷണമുണ്ടാകുന്നു. ഈ പഴയ ശരീരം ഉപേക്ഷിക്കുവാനുള്ളതാണെന്ന് അറിയാമല്ലോ. ഇവിടെ നമുക്ക് വസിക്കാനുള്ള സ്ഥലമല്ല. ഈ ശരീരത്തിൽ നിന്നും മമത്വം ഇല്ലാതാകണം. ഈ ശരീരത്തിൽ കേവലം സേവനത്തിനായി മാത്രമാണ് വസിക്കുന്നത്, ഇതിൽ മമത്വം പാടില്ല. വീട്ടിലേക്ക് തിരികെ പോകണം. ഈ സംഗമസമയവും പുരുഷാർത്ഥത്തിനായി വളരെയധികം ആവശ്യമാണ്. 84 ജന്മങ്ങൾ പൂർത്തിയായിക്കഴിഞ്ഞു എന്ന് ഇപ്പോൾ നമ്മൾ മനസ്സിലാക്കി. ബാബ പറയുന്നു, ജോലികളും, തൊഴിലുമെല്ലാം തന്നെ ചെയ്തോളൂ. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നുകൊണ്ടും ബുദ്ധിയിൽ ഓർമ്മ വേണം, സർവ്വതും നശിക്കുവാനുള്ളതാണ്. ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. ബാബയും സദാ വീട്ടിലാണല്ലോ വസിക്കുന്നത്. എട്ട് മണിക്കൂർ ജോലിയിൽ ചിലവാക്കിക്കോളൂ. എട്ട് മണിക്കൂർ വിശ്രമിച്ചോളൂ. ബാക്കിയുള്ള സമയം പരിധിയില്ലാത്ത അച്ഛനുമായി ആത്മീയ സംഭാഷണം ചെയ്തുകൊണ്ടിരിക്കൂ.

ബാബയുടെ ശ്രീമതമാണ് മധുരമായ കുട്ടികളേ, നിരന്തരം ഓർമ്മയുടെ യാത്രയിലിരിക്കൂ. എത്രത്തോളം ഓർമ്മയുടെ യാത്രയിലിരിക്കുന്നുവോ, അത്രത്തോളം പ്രകൃതിയും നിങ്ങളുടെ ദാസിയായിത്തീരുന്നു. സന്യാസിമാർ ഒന്നും തന്നെ യാചിക്കാറില്ല. അവർ യോഗികളല്ലേ.. അവർക്ക് ഈ നിശ്ചയമുണ്ട്, ഞങ്ങൾ ബ്രഹ്മത്തിൽ പോയി ലയിക്കുമെന്ന്. വളരെ പക്കയാണ്, ഞങ്ങൾക്ക് എത്രയും പെട്ടെന്ന് ശരീരം ഉപേക്ഷിച്ച് ബ്രഹ്മത്തിൽ പോയി ലയിക്കണം. അതിനായി അവർ പ്രയത്നിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ പല ഭക്തരും ദേവതകളുമായുള്ള മിലനത്തിന്, ജീവഹത്യ ചെയ്യാറുണ്ട്. ആത്മഹത്യ എന്നൊരിക്കലും പറയില്ല. ആത്മാവിനെ ഹത്യ ചെയ്യുവാൻ സാധിക്കില്ല. ബാക്കി ജീവഹത്യയാണ് ചെയ്യുന്നത്. നിങ്ങൾ കുട്ടികൾ യോഗത്തിലിരിക്കുമ്പോൾ അമരനായിത്തീരുന്നു. ഇപ്പോൾ നിങ്ങൾക്ക് ജീവഹത്യയെ കുറിച്ചുള്ള ചിന്തയൊന്നും വരില്ല, എന്നാൽ അവസ്ഥയും ഉറപ്പുള്ളതായിരിക്കണം. ആദ്യം സ്വയം തന്നിൽ നോക്കൂ, എന്നിൽ കുറവുകളൊന്നുമില്ലല്ലോ. കുറവുകളൊന്നുമില്ല എങ്കിൽ സേവനവും നല്ല രീതിയിൽ ചെയ്യുവാൻ സാധിക്കും. പിതാവ് പുത്രനെ പ്രത്യക്ഷപ്പെടുത്തുന്നു, പുത്രൻ പിതാവിനെയും. ബാബ നിങ്ങൾ കുട്ടികളെ യോഗ്യരാക്കി മാറ്റുന്നു, നിങ്ങൾ കുട്ടികൾക്ക് പുതിയവർക്ക് ബാബയുടെ പരിചയം നൽകണം. കുട്ടികളെ ബാബ സമർത്ഥരാക്കിയല്ലോ. ബാബയ്ക്കറിയാം വളരെ നല്ല-നല്ല കുട്ടികൾ ധാരാളം സേവനം ചെയ്യുന്നവരുണ്ട്. രാവും-പകലും ഈയൊരു ചിന്തഗതിയാണ് എങ്ങനെ മറ്റുള്ളവരുടെ ജീവിതം ശ്രേഷ്ഠമാക്കാം... ഇതിലൂടെ അവരവരുടെ ജീവിതവും ഉന്നതി പ്രാപിക്കുന്നു. ഇതിലൂടെ സന്തോഷമുണ്ടാകുന്നു, ഓരോരുത്തർക്ക് ഉണർവ്വുമുണ്ട്, നമുക്ക് നമ്മുടെ ഗ്രാമത്തിലുള്ളവരെ ഉദ്ധരിക്കണം. തന്റെ സമാനതലത്തിലുള്ളവരുടെ (ഹംജിൻസ്) സേവനം ചെയ്യണം. ബാബയും പറയുന്നു, സ്വഭാവ രൂപീകരണം വീട്ടിൽ നിന്നും ആരംഭിക്കണമെന്ന്. ബാബ കുട്ടികൾക്ക് നൽകുന്ന ശിക്ഷണമാണ്, കുട്ടികളേ, ആദ്യം നിങ്ങൾക്ക് അവനവന്റെ ഉന്നതിയ്ക്കായി പ്രയത്നിക്കണം.

ബാബയ്ക്കറിയാം ഈ ആത്മീയ കല്പവൃക്ഷം. കല്പം മുമ്പത്തേതു പോലെത്തന്നെയാണ്. ഈ വൃക്ഷത്തിൽ എല്ലാ തരത്തിലുള്ള വിഭാഗവുമുണ്ട്. നിങ്ങൾക്ക് മുന്നോട്ട് പോകുന്തോറും സർവ്വതും സാക്ഷാത്കാരം ലഭിക്കും. എങ്ങനെയാണ് സർവ്വാത്മാക്കളും സ്ഥിതി ചെയ്യുന്നത്. ഓരോ കുലത്തിലുള്ളവർ സ്ഥിതി ചെയ്യുന്നു. പിന്നീട് അവിടെ നിന്നും ആത്മാക്കൾ സംഖ്യാക്രമത്തിൽ താഴേക്ക് വരുന്നു. അപ്പോൾ കുട്ടികൾക്ക് ഇതിനുമേൽ വിചാരസാഗര മഥനം നടക്കണം. ഈ രീതിയിലെല്ലാം സേവനം ചെയ്യാം, അതിനോടൊപ്പം ബാബയുടെ സ്മൃതിയും ഉണ്ടായിരിക്കണം. ഓർമ്മയിലൂടെ മാത്രമാണ് ഉന്നതിയുണ്ടാകുക. ബാബ പറയുന്നു, ഡ്രാമ പ്രാൻ അനുസരിച്ച് എല്ലാം ശരിയായ രീതിയിൽ തന്നെയാണ് മറികടന്നത്.

ഓമനകളായ കുട്ടികളേ, ഇനി മുന്നോട്ടു പോകുന്തോറും നിങ്ങൾ കുട്ടികളിൽ യോഗബലത്തിന്റെ ശക്തി നിറയുന്നു. പിന്നീട് നിങ്ങൾ മറ്റുള്ളവർക്ക് കുറച്ചെങ്കിലും മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ അവർ പെട്ടെന്ന് മനസ്സിലാക്കിക്കോളും. ഇതും ജ്ഞാനബാണം തന്നെയല്ലേ. ജ്ഞാനബാണം ഏറ്റു കഴിഞ്ഞാൽ പിന്നെ ആത്മീയ ലഹരിയുണ്ടാകുന്നു, പിന്നീട് ബാബയുടെതായിത്തീരുന്നു. അപ്പോൾ ഏകാന്തതയിലിരുന്ന് യുക്തികൾ കണ്ടെത്തണം. അല്ലാതെ രാത്രി ഉറങ്ങി പകൽ എഴുന്നേറ്റു എന്ന് മാത്രം ആകരുത്. അതിരാവിലെ എഴുന്നേറ്റ് ബാബയെ പ്രേമത്തോടെ ഓർമ്മിക്കണം. രാത്രിയിലും ഓർമ്മയിൽ ഉറങ്ങണം. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ ബാബ എങ്ങനെ സ്നേഹിക്കാനാണ്. പിന്നീട് ആകർഷണം തന്നെയുണ്ടാകില്ല. ബാബയ്ക്കറിയാം ഡ്രാമയിൽ സംഖ്യാക്രമത്തിലാണ് സർവ്വരും ഉണ്ടായിരിക്കുക എന്നത്. എന്നാലും ബാബയ്ക്ക് മിണ്ടാതിരിക്കുവാൻ സാധിക്കില്ലല്ലോ. പുരുഷാർത്ഥം ചെയ്യിപ്പിക്കണമല്ലോ. കുട്ടികൾക്കാണെങ്കിലും ഡ്രാമയാണെന്നു പറഞ്ഞ് മിണ്ടാതിരിക്കരുത്. അന്തിമ സമയത്ത് പശ്ചാത്തപിക്കേണ്ടതായി വരും. മായക്ക് വശപ്പെട്ട് ഞാൻ അങ്ങനെ ചെയ്തു പോയല്ലോ... ബാബയ്ക്കാണെങ്കിൽ ദയ തോന്നുന്നു. സ്വയത്തെ ഉദ്ധരിക്കുന്നില്ലെങ്കിൽ അവരുടെ ഗതി എന്താകും? കരയുന്നു, പിടയുന്നു, ശിക്ഷകൾ അനുഭവിക്കുന്നു. അതിനാലാണ് ബാബ കുട്ടികൾക്ക് ഇടയ്ക്കിടെ ശിക്ഷണം നൽകിക്കൊണ്ടിരിക്കുന്നത്. കുട്ടികളേ, നിങ്ങൾക്ക് സമ്പൂർണ്ണരായിത്തീരണം. ഇടയ്ക്കിടെ സ്വപരിശോധന നടത്തണം. ഓരോരുത്തർക്കും അവനവനോട് ചോദിക്കണം, ബാബയിൽ നിന്നും എനിക്ക് സർവ്വസ്വവും ലഭിച്ചിട്ടുണ്ടല്ലോ, പിന്നെ ഏതൊരു കാര്യത്തിന്റെ കുറവാണുള്ളത്. അവനവന്റെ ഉള്ളിൽ പരിശാധിച്ചു നോക്കൂ... നാരദനോട് ചോദിച്ചിരുന്നല്ലോ, ലക്ഷ്മിയെ വരിക്കുന്ന കാര്യത്തിൽ സ്വയം യോഗ്യനാണോ എന്ന്. ബാബയും ചോദിക്കുന്നു, ലക്ഷ്മിയെ വരിക്കുവാനായി യോഗ്യനാണോ? എന്തെല്ലാം കുറവുകളെ ഇല്ലാതാക്കുവാനുള്ള പുരുഷാർത്ഥമാണ് ചെയ്യേണ്ടത്. പുതിയ കുട്ടികൾക്കും മനസ്സിലാക്കി കൊടുക്കണം, പറയൂ, നിങ്ങളുടെ ഉള്ളിൽ കുറവുകളൊന്നും തന്നെ ഇല്ലല്ലോ? എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് ഇപ്പോൾ തന്നെ സമ്പൂർണ്ണമായിത്തീരണം. ബാബ വന്നിരിക്കുന്നത് തന്നെ സമ്പൂർണ്ണമാക്കി മാറ്റുന്നതിനാണ്. സ്വയം അവനവനോട് ചോദിക്കൂ, നമ്മൾ ഈ ലക്ഷ്മി-നാരായണനു സമാനം സമ്പൂർണ്ണമായി മാറിയോ? അഥവാ കുറവുകളുണ്ടെങ്കിൽ ബാബയോട് പറയണം. ബാബാ, ഇന്ന ഇന്ന കുറവുകൾ എന്നിൽ നിന്നും ഇല്ലാതാകുന്നില്ല, അതിനായി എന്തെങ്കിലും ഉപായം പറയൂ. അസുഖം സർജനിലൂടെയല്ലേ ഇല്ലാതാകൂ. അപ്പോൾ വിശ്വസ്തതയോടെ സത്യസന്ധതയോടെ നോക്കൂ, എന്നിൽ എന്തെങ്കിലും കുറവുകളുണ്ടോ എന്ന്. കുറവുകൾ ബാബയോട് പറയുകയാണെങ്കിൽ ബാബ എന്തെങ്കിലും ഉപായങ്ങൾ പറഞ്ഞു തരും. ഒരുപാടു പേരിൽ കുറവുകളുണ്ട്. ചിലരിൽ ക്രോധം അഥവാ ലോഭമുണ്ട്. ചിലരിൽ വ്യർത്ഥ ചിന്തനങ്ങളാണ്. അപ്പോൾ അവരിൽ ജ്ഞാനത്തിന്റെ ധാരണയുണ്ടാകില്ല. ബാബ ദിവസേന മനസ്സിലാക്കിത്തരുന്നു. വാസ്തവത്തിൽ ഇത്രയ്ക്കും മനസ്സിലാക്കിത്തരേണ്ടതായ ആവശ്യമില്ല, ഇതെല്ലാം തന്നെ ധാരണ ചെയ്യേണ്ടതായ കാര്യങ്ങളാണ്. പഞ്ച വികാരങ്ങളെ ജയിക്കേണ്ടത് ഇപ്പോഴാണ്. നിങ്ങളിൽ അലയുന്ന ഭൂതങ്ങളല്ല ഉള്ളത്, ജന്മജന്മാന്തരങ്ങളായി നമ്മുടെയുള്ളിൽ പഞ്ച വികാരങ്ങളുടെ ഭൂതങ്ങളാണ് ഉള്ളത്. ഇതാണ് നിങ്ങളെ ദുഖിയാക്കിയത്. കാമം എന്ന ഭൂതത്തെ പ്രതി ദിവസേന മനസ്സിലാക്കി തരുന്നുണ്ട്, കണ്ണുകൾ വളരെയധികം ചതിക്കുന്നു എങ്കിൽ ആത്മാവിനെ കാണാനുള്ള അഭ്യാസം നല്ല രീതിയിൽ ചെയ്യണം. ഞാനും ആത്മാവാണ്, ഇവരും ആത്മാവാണ്. നിങ്ങൾ ആത്മാക്കൾ സഹോദരന്മാരാണ്. ഈ ശരീരത്തെ കാണരുത്. നമ്മൾ ആത്മാക്കൾക്കെല്ലാം തിരികെ വീട്ടിലേക്ക് പോകണം. ബാബ വന്നിരിക്കുന്നത് നമ്മെ എല്ലാവരെയും തിരികെ കൊണ്ടു പോകുന്നതിനായാണ്. ബാക്കി നമ്മൾ സർവ്വഗുണസമ്പന്നരായോ എന്ന് നോക്കണം. ഏത് ഗുണത്തിന്റെ കുറവാണുള്ളത്? ബാബ ആത്മാക്കളെ നോക്കി പറയുന്നു, ഇന്ന ആത്മാവിന് ഈ കുറവുണ്ട്. അവരുടെ അസുഖത്തെ ഇല്ലാതാക്കുന്നതിനായി ബാബ കറന്റ് നൽകുന്നു. കുട്ടികൾക്ക് ബാബയോട് വളരെയധികം മധുര-മധുരമായി ആത്മീയ സംഭാഷണം ചെയ്യേണ്ടതുണ്ട്. ബാബാ അങ്ങ് വളരെ ഉയർന്നതാണ്. അങ്ങ് എത്ര മധുരമാണ്.. ബാബയുടെ ഓർമ്മയിൽ ബാബയുടെ മഹിമ പാടുന്നതിലൂടെ ഈ ഭൂതം ഓടിപ്പോകുന്നു. നിങ്ങൾക്ക് സന്തോഷവുമുണ്ടാകുന്നു.

നിങ്ങൾക്കറിയാം ഈ വൃക്ഷം വളരെ പതുക്കെ-പതുക്കെയാണ് അഭിവൃദ്ധി പ്രാപിക്കുക. മായ നാനാവശത്തു നിന്നും നിങ്ങളെ വലയം ചെയ്യുന്നു. മായയുടെ നിഴൽ പതിയുകയാണെങ്കിൽ നിങ്ങൾ പെട്ടെന്നു തന്നെ അപ്രത്യക്ഷമാകുന്നു. ബാബയുടെ കൈ ഉപേക്ഷിക്കുന്നു. നിങ്ങൾ ഓരോ കുട്ടികളുടെയും സംബന്ധം ബാബയോടൊപ്പമാണ്. ബാക്കി കുട്ടികളെല്ലാം തന്നെ സംഖ്യാക്രമത്തിൽ നിമിത്തമാണ്. ശരി. അതിമധുരവും, അതി ഓമനകളും, വളരെ കാലത്തിനുശേഷം തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാപിതാവായ ബാപ്ദാദയുടെ ഹൃദയത്തിൽ നിന്നുമുള്ള പ്രേമത്തോടെയുള്ള സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**അവ്യക്ത മഹാവാക്യം – അന്തിമ സേവനത്തിന്റെ അന്തിമ സ്വരൂപം**

തന്റെ അന്തിമ സ്വരൂപത്തിന്റെ സാക്ഷാത്കാരം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടോ? എന്തുകൊണ്ടെന്നാൽ എത്രത്തോളം സമീപത്തെത്തുന്നുവോ അത്രത്തോളം നിങ്ങൾക്ക് എല്ലാം വളരെ സ്പഷ്ടമായി കാണുന്നതുപോലെ അനുഭവമുണ്ടാകും. ഇപ്പോൾ തന്നെ ഇങ്ങനെയായിത്തീരുമെന്ന അനുഭൂതിയുണ്ടാകും. എങ്ങനെയാണോ വൃദ്ധ അവസ്ഥയിലുള്ളവർക്ക്, ഞങ്ങൾ ഇപ്പോൾ വൃദ്ധനാണ്, അടുത്തു തന്നെ ചെറിയൊരു കുട്ടിയായിത്തീരുമെന്ന സ്മൃതിയുണ്ടാകുന്നത്. അതുപോലെ തന്റെ അന്തിമ സ്വരൂപത്തിന്റെ സ്മൃതിയല്ല ഉണ്ടാകുക, എന്നാൽ സന്മുഖത്തിൽ ആസ്വരൂപം വളരെയധികം സ്പഷ്ടമായി സാക്ഷാത്കാരമുണ്ടാകുന്നു. ഇപ്പോൾ ഞാൻ ഇതാണ്, പിന്നീട് ഞാൻ ഇങ്ങനെയായിത്തീരുന്നു. ആരംഭത്തിൽ കേൾപ്പിച്ചിരുന്നു, ലക്ഷ്യത്തിലേക്ക് എത്തിച്ചേരുമ്പോൾ ഇനി ഒരു ചുവടിന്റെ ദൂരം മാത്രമേയുള്ളൂ എന്ന് നമുക്ക് അനുഭവപ്പെടും. ഒരു പാദം വെച്ചു കഴിഞ്ഞു, ഇനി മറ്റേ പാദം വെക്കേണ്ട ദൂരം മാത്രമേയുള്ളൂ. ഇങ്ങനെ തന്റെ അന്തിമ സ്ഥിതിയുടെ സമീപതയുടെ അനുഭൂതിയുണ്ടാകുന്നുണ്ടോ? വളരെയധികം സ്പഷ്ടമായിത്തന്നെ തന്റെ സ്വരൂപത്തിന്റെ സാക്ഷാത്കാരമുണ്ടാകുന്നുണ്ടോ? എങ്ങനെയാണോ കണ്ണാടിയിൽ തന്റെ രൂപത്തെ വളരെ സ്പഷ്ടമായി കാണുന്നത്, അതുപോലെ ഈ ജ്ഞാനത്തിന്റെ ദർപ്പണത്തിൽ തന്റെ അന്തിമ സ്വരൂപത്തെ വളരെ സ്പഷ്ടമായി തന്നെ കാണണം. എങ്ങനെയാണോ തനിക്കു ധരിക്കാനുള്ള വളരെ സുന്ദരമായ ഒരു വസ്ത്രം തന്റെ മുന്നിലിരിക്കുമ്പോൾ, അത് ധാരണ ചെയ്യേണ്ട സമയം സമീപത്തേക്കു വരുന്തോറും ആഗ്രഹിക്കാതെ തന്നെ ആ വസ്ത്രം അണിഞ്ഞതായി മുന്നിൽ കാണപ്പെടുന്നത്. അതേപോലെ തന്റെ അന്തിമ സ്വരൂപം മുന്നിൽ കാണപ്പെടണം. അന്തിമ സമയത്തേക്ക് തന്റെ ശ്രദ്ധ പോകാറുണ്ടോ? ആ പ്രകാശത്തിന്റെ സ്വരൂപം അഥവാ വസ്ത്രം, പ്രകാശം തന്നെ പ്രകാശമായി കാണപ്പെടുന്നു. ഫരിസ്തകളുടെ സ്വരൂപം എന്താണ്? പ്രകാശം. കാണുന്നവർക്കും ഇവർ പ്രകാശത്തിന്റെ വസ്ത്രധാരിയായി അനുഭവപ്പെടുന്നു. പ്രകാശം തന്നെയാണ് ഇവരുടെ കിരീടം, പ്രകാശം തന്നെയാണ് വസ്ത്രം. പ്രകാശം തന്നെയാണ് അലങ്കാരം. എവിടെ നോക്കിയാലും പ്രകാശം തന്നെ പ്രകാശം. മസ്തകത്തിലേക്ക് നോക്കിയാൽ പ്രകാശത്തിന്റെ കിരീടം കാണപ്പെടുന്നു. കണ്ണുകളിൽ നിന്നും പ്രകാശത്തിന്റെ കിരണങ്ങൾ വ്യാപിക്കുന്നതായി കാണപ്പെടുന്നു. അപ്പോൾ അങ്ങനെയുള്ള സ്വരൂപം മുന്നിൽ കാണപ്പെടുന്നുണ്ടോ? എന്തുകൊണ്ടെന്നാൽ മൈറ്റ് രൂപം അഥവാ ശക്തിരൂപത്തിന്റെ പാർട്ട് പ്രസിദ്ധമാകുന്നത് ഏതിന്റെ ആധാരത്തിലാണ്? പ്രകാശരൂപത്തിലൂടെ. ആരെങ്കിലും നിങ്ങളുടെ മുന്നിലേക്ക് വരികയാണെങ്കിൽ സെക്കന്റിൽ അശരീരിയായിത്തീരണം. അത് പ്രകാശതൂപത്തിലൂടെ മാത്രമാണ് സാധിക്കുന്നത്. അങ്ങനെ നടക്കുമ്പോഴും കറങ്ങുമ്പോഴും ലൈറ്റ് ഹൗസ് ആയിത്തീരുകയാണെങ്കിൽ, ആർക്കും താങ്കളുടെ ഈ ശരീരം കാണപ്പെടുകില്ല. വിനാശ സമയത്തെ പരീക്ഷയിൽ പാസ്സാകണമെങ്കിൽ സർവ്വ പരിതസ്ഥിതികളെയും മറികടക്കുന്നതിനായി, ലൈറ്റ്ഹൗസ് ആയിത്തീരണം. നടക്കുമ്പോഴും കറങ്ങുമ്പോഴും തന്റെ ആ സ്വരൂപം അനുഭവമാകണം. ഈ അഭ്യാസം ചെയ്യൂ. ശരീരം തീർത്തും മറക്കണം. അഥവാ എന്തെങ്കിലും ജോലി ചെയ്യുന്നു എങ്കിൽ, സംസാരിക്കുമ്പോൾ, നടക്കുമ്പോഴെല്ലാം നിമിത്തമായ ആകാരി ലൈറ്റ് രൂപം ധാരണ ചെയ്യണം. എങ്ങനെയാണോ പാർട്ട് അഭിനയിക്കുന്ന സമയത്ത് വസ്ത്രം ധാരണ ചെയ്യുന്നത്, കാര്യം സമാപ്തമായാൽ വസ്ത്രം അഴിച്ചു വെക്കുന്നത്. ഒരു സെക്കന്റിൽ ധാരണ ചെയ്യുന്നു, ഒരു സെക്കന്റിൽ അതിൽ നിന്നും വേറിടുന്നു. എപ്പോഴാണോ ഈ അഭ്യാസം പക്കയാകുന്നത്, പിന്നീട് കർമ്മഭോഗ് സമാപ്തമാകുന്നു. ഇഞ്ചക്ഷൻ വെച്ച് വേദനയെ ഇല്ലാതാക്കുന്നതുപോലെ അനുഭപ്പെടുന്നു. ഹഠയോഗികൾ ശരീരത്തിൽ നിന്നും വേറിടുന്നതിനുള്ള അഭ്യാസം ചെയ്യുന്നു. അതുപോലെ ഈ സ്മൃതിസ്വരൂപത്തിന്റെ ഇഞ്ചക്ഷൻ വെച്ചുകൊണ്ട്, ദേഹത്തിന്റെ സ്മൃതിയിൽ നിന്നും മുക്തമാകണം. സ്വയം അവനവനെ പ്രകാശത്തിന്റെ സ്വരൂപത്തിൽ അനുഭവം ചെയ്യുകയാണെങ്കിൽ മറ്റുള്ളവർക്കും ഇതേ അനുഭൂതി ലഭിക്കുന്നു. ഇതാണ് അന്തിമ സേവനം. ഇതിലൂടെ മുഴുവൻ കാര്യവ്യവഹാരങ്ങളും ലൈറ്റ് അർത്ഥം ഭാരരഹിതമായിത്തീരുന്നു. പർവ്വതവും പഞ്ഞിക്കു സമാനമെന്ന് പറയാറില്ലേ. അങ്ങനെ ഏതൊരു കാര്യവും ലൈറ്റ് രൂപത്തിലാകുന്നതിലൂടെ ഭാരരഹിതമാകുന്നു, പിന്നീട് ബുദ്ധി പ്രയോഗിക്കേണ്ടതായ ആവശ്യമില്ല. അപ്പോൾ ലൈറ്റ് സ്വരൂപത്തിന്റെ സ്ഥിതിയിൽ സ്ഥിതിചെയ്യുകയാണെങ്കിൽ, മാസ്റ്റർ എല്ലാം അറിയുന്നവരായി അർത്ഥം ത്രികാലദർശിയുടെ ലക്ഷണം വന്നു ചേരുന്നു. ചെയ്യണോ വേണ്ടയോ എന്നു കൂടി ചിന്തിക്കേണ്ടതായ ആവശ്യം വരുന്നില്ല. എന്താണോ ചെയ്യേണ്ടത് അതേ സങ്കല്പം തന്നെ ബുദ്ധിയിൽ യഥാർത്ഥമായി ഉണ്ടാകുന്നു. ആ അവസ്ഥയ്ക്കിടയിൽ കർമ്മഭോഗത്തിന്റെ അനുഭവമുണ്ടാകുകയില്ല. ഇഞ്ചക്ഷൻ എടുത്താൽ അതിന്റെ ലഹരിയിൽ സംസാരിക്കുന്നു, ഇളകുന്നു, എന്നാൽ സർവ്വതും ചെയ്തുകൊണ്ടും ചെയ്യുന്നു എന്ന സ്മൃതിയുണ്ടാകില്ല. ഞാൻ ചെയ്യുന്നു എന്ന സ്മൃതി പോലും ഉണ്ടാകുകയില്ല. എല്ലാം സ്വതവേ തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു. അതേപോലെ ഏതൊരുപ്രകാരത്തിലുള്ള കർമ്മഭോഗ് അഥവാ കർമ്മം ഉണ്ടായിക്കൊണ്ടിരിക്കുമ്പോഴും അതിന്റെ സ്മൃതിയുണ്ടാകില്ല. അത് തന്റെ വശത്തേക്ക്

ആകർഷിക്കുകയില്ല. ഇങ്ങനെയുള്ള സ്ഥിതിയെയാണ് അന്തിമ സ്ഥിതിയെന്ന് പറയുന്നത്. ഈ അഭ്യാസം ഉണ്ടായിരിക്കണം. ഈ സ്ഥിതി എത്രത്തോളം സമീപമത്താണ്? തീർത്തും സമീപത്തേക്ക് എത്തിച്ചേർന്നോ? എപ്പോൾ ആഗ്രഹിക്കുന്നുവോ പ്രകാശ സ്വരൂപത്തിൽ സ്ഥിതി ചെയ്യാൻ സാധിക്കുമോ? എപ്പോൾ ആഗ്രഹിക്കുന്നുവോ ശരീരത്തിലേക്ക് വന്ന് കർമ്മം ചെയ്യാൻ സാധിക്കുന്നുണ്ടോ? സദാ കാലത്തേക്ക് ഈ സ്ഥിതിയിൽ ഏകരസമായി ഇരിക്കുന്നതുവരെ, ഇടയ്ക്കിടെ കുറച്ചു സമയം കണ്ടെത്തി അഭ്യസിച്ചുകൊണ്ടേ ഇരിക്കണം. അങ്ങനെ ഇടയ്ക്കിടെ സ്ഥിതി ചെയ്യുന്നതിലൂടെ പിന്നീട് സദാ കാലത്തേക്ക് ആ അവസ്ഥ ഉണ്ടാകുന്നു. എങ്ങനെയാണോ സാകാര ശരീരത്തിലിരുന്നുകൊണ്ടും ആകാരി ഫരിസ്താസ്ഥിതിയുടെ അനുഭവം ചെയ്തത്. ആദ്യ നമ്പറിലായിരുന്നിട്ടും, ഫരിസ്താ സ്ഥിതി അനുഭവം ചെയതു. അങ്ങനെയുള്ള അവസ്ഥ വരേണ്ടേ. ആരംഭത്തിൽ വളരെ പേർക്ക് ഇതിന്റെ സാക്ഷാത്കാരവും ലഭിച്ചിരുന്നു. പ്രകാശം തന്നെ പ്രകാശമായി കാണപ്പെട്ടിരുന്നു. തന്റെ പ്രകാശ കിരീടത്തിന്റെയും സാക്ഷാത്കാരം അനേക തവണ ലഭിച്ചിരുന്നു. എന്താണോ ആദിയിൽ സാമ്പിളായി കണ്ടത് അതു തന്നെ അന്തിമത്തിലും പ്രത്യക്ഷ സ്വരൂപത്തിൽ കാണപ്പെടുന്നു. സങ്കല്പത്തിന്റെ സിദ്ധിയുടെ സാക്ഷാത്കാരമുണ്ടാകുന്നു. വാക്കുകളിവൂടെ താങ്കൾ നിർദ്ദേശം നൽകുന്നതുപോലെ, സങ്കല്പത്തിലൂടെ തന്നെ മുഴുവൻ കാര്യവ്യവഹാരങ്ങളും നടക്കുന്നു. സയൻസിന്റെ ശക്തിയിലൂടെ താഴെ ഭൂമി മുതൽ ആകാശം വരെയുള്ള നിർദ്ദേശങ്ങൾ നൽകുന്നു. അപ്പോൾ താങ്കളുടെ ശ്രേഷ്ഠ സങ്കല്പങ്ങളിലൂടെ കാര്യവ്യവഹാരങ്ങൾ നടക്കുകയില്ലേ. വാസ്തവത്തിൽ സയിൻസു പോലും സയലൻസിൽ നിന്നാണ് അനുകരിക്കുന്നത്. അപ്പോൾ ഉദാഹരണമെന്ന പോലെ ആദ്യമേ തന്നെ സ്പഷ്ട രൂപത്തിൽ താങ്കൾക്കു മുന്നിലുണ്ടാകുന്നു. കല്പം മുമ്പും താങ്കൾ ചെയ്തതു തന്നെയല്ലേ. പറയേണ്ട ആവശ്യം പോലുമില്ല. എങ്ങനെയാണോ വാക്കുകളിലൂടെ സർവ്വതും സ്പഷ്ടമാകുന്നത്, അതുപോലെ സങ്കല്പത്തിലൂടെ മുഴുവൻ കാര്യവ്യവഹാരങ്ങളും നടക്കുന്നു. എത്രത്തോളം അനുഭവം ചെയ്തുകൊണ്ടിരിക്കുന്നുവോ, പരസ്പരം സമീപത്തേക്ക് വന്നുകൊണ്ടിരിക്കുന്നുവോ, താങ്കളുടെ സങ്കല്പത്തിലും സമാനതയുണ്ടാകുന്നു. പ്രകാശ രൂപത്തിലൂടെ വ്യർത്ഥ സങ്കല്പവും വ്യർത്ഥമായ സമയവും സമാപ്തമായാൽ, എന്ത് സങ്കല്പമാണോ ആവശ്യമുള്ളത്, അത് മാത്രം ഉണ്ടാകുന്നു. താങ്കളുടെ ബുദ്ധിയിലും അതേ സങ്കല്പം മാത്രം വരുന്നു. ആരാണോ ഇത് ചെയ്യേണ്ടവർ അവരുടെ ബുദ്ധിയിലും ഇതേ സങ്കല്പം വരുന്നു, എനിക്കിത് ചെയ്യണം. ഇതു തന്നെയല്ലേ നവീനത. ഇങ്ങനെയുള്ള കാര്യവ്യവഹാരങ്ങൾ ആരെങ്കിലും കാണുകാണെങ്കിൽ അവർ പറയുന്നു, ഇവരുടെ കാര്യങ്ങൾ പറയുന്നതിലൂടെയല്ല, സൂചനയിലൂടെയാണ് നടക്കുന്നതെന്ന്. ദൃഷ്ടിയിലൂടെ തന്നെ സർവ്വതും മനസ്സിലാക്കുന്നു. ഇവിടെ തന്നെ സൂക്ഷ്മവതനമുണ്ടാകണം. ശരി. ഓംശാന്തി.

## വരദാനം – ഭുജങ്ങളിൽ മുഴുകുന്ന, ഭുജങ്ങളായി സേവനം ചെയ്യുന്ന, ബ്രഹ്മാബാബയുടെ സ്നേഹിയായി ഭവിയ്ക്കട്ടെ.

ഏതു കുട്ടികളാണോ ബാബയുടെ സ്നേഹി കുട്ടികൾ, അവർ സദാ ബ്രഹ്മാബാബയുടെ ഭുജങ്ങളിൽ മുഴുകുന്ന കുട്ടികളായിരിക്കും. ബ്രഹ്മാബാബയുടെ ഭുജങ്ങൾ തന്നെയാണ് താങ്കളുടെ സുരക്ഷക്കുള്ള സാധന. ആരാണോ പ്രിയപ്പെട്ട സ്നേഹി കുട്ടികൾ അവർ സദാ ഭുജങ്ങളിൽ മുഴുകുന്നു. അപ്പോൾ സേവനത്തിൽ ബാപ്ദാദയുടെ ഭുജങ്ങളുമാണ്, സ്ഥിതി ചെയ്യുന്നത് ബാബയുടെ ഭുജങ്ങളിൽ. ഈ രണ്ട് ദൃശ്യങ്ങളെ അനുഭവം ചെയ്യൂ. ഇടയ്ക്ക് ഭുജങ്ങളിൽ മുഴുകൂ.. ഇടയ്ക്ക് ഭുജങ്ങളായി സേവനം ചെയ്യൂ. എപ്പോഴും ഈ ലഹരിയുണ്ടായിരിക്കണം, ഞാൻ ഭഗവാന്റെ വലംകൈയ്യാണ്.

## സ്ലോഗൻ – സന്തുഷ്ടതയുടെയും പ്രസന്നതയുടെയും വിശേഷത തന്നെയാണ് പറക്കുന്ന കലയുടെ അനുഭവം ചെയ്യിക്കുന്നത്.

**സ്നേഹത്തിൽ മുഴുകുന്ന സ്ഥിതിയുടെ അനുഭവം ചെയ്യൂ(ലൗലീൻ)** : ബാബക്ക് കുട്ടികളോട് ഇത്രയും സ്നേഹമാണ്, അമൃതവേള മുതൽ തന്നെ കുട്ടികളെ പാലിക്കുന്നു. ഒരു ദിവസത്തിന്റെ ആരംഭം തന്നെ നോക്കൂ എത്ര ശ്രേഷ്ഠമാണെന്ന്. സ്വയം ഭഗവാൻ മിലനം ആഘോഷിക്കുന്നതിനായി വിളിച്ചുണർത്തുന്നു, ആത്മീയ സംഭാഷണം ചെയ്യുന്നു, ശക്തികൾ നിറച്ചു തരുന്നു. ബാബയുടെ പ്രേമത്തിന്റെ ഗീതമാണ് താങ്കളെ എഴുന്നേൽപ്പിക്കുന്നത്. എത്ര സ്നേഹത്തോടെയാണ് എഴുന്നേൽപ്പിക്കുന്നത്, വിളിക്കുന്നത്, മധുരമായ കുട്ടികളേ, പ്രിയപ്പെട്ട കുട്ടികളേ വരൂ... അപ്പോൾ ഈ സ്നേഹത്തിന്റെ പാലനയുടെ പ്രത്യക്ഷ സ്വരൂപമായി സഹജയോഗീ ജീവിതത്തിന്റെ അനുഭവം ചെയ്യൂ...